**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6071** **17-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതിക്ക് അനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതിക്ക് അനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതകൾ കണ്ടെത്തുകയും സർക്കാരിന് ലഭിക്കേണ്ട നികുതിയും അതിന്റെ പലിശയും പെനാൽറ്റിയും സഹിതം ഈടാക്കിവരുന്നുണ്ട്. ഇതിന് പുറമേ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് നടത്തി വ്യാപാരികൾ കൃത്യമായി ഇൻവോയിസുകൾ നൽകുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് പൂർണ്ണമായും തടയുവാനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിക്കുകയും അതിന്റെ ഭാഗമായി രൂപീകൃതമായ ഓഡിറ്റ്, ടാക്സ്പെയർ സർവീസസ്, എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ് എന്നീ വിഭാഗങ്ങളുടെ നിരന്തരമായ നിരീക്ഷണങ്ങളിലൂടെയും പരിശോധനയിലൂടെയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതിക്ക് അനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിയുകയും ചെയ്യും. |
| (ബി) | നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പല നടപടികളും സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്. നികുതി പിരിവിലും നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. ജി.എസ്.ടി. നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കു |

| | | | |
|---|---|---|---|
| | | | സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി. സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്ഡേഷനുകളും ഉടനടി ലഭ്യമാകുന്നതിലേക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് വകുപ്പ് മാറിയിട്ടുണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ജി.എസ്.ടി. നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടും വ്യത്യസ്ത വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങളും വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ചുകൊണ്ട് നടത്തുകയുണ്ടായി. ഇത് തുടരുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, ടാക്സ്പെയർ സർവീസ് യൂണിറ്റ് എന്നീ വിഭാഗങ്ങൾ സംസ്ഥാനത്തുടനീളം നടത്തിവരുന്ന ഫീൽഡ് സർവേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇ-വേ ബിൽ നിർബന്ധമാക്കിയത് കാര്യക്ഷമമായിട്ടുണ്ടോയെന്ന് പരിശോധന നടത്താനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ചരക്ക് വാഹന പരിശോധയിൽ ഇ-വേ ഓഫീസർ എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 22 സ്ഥലങ്ങളിലായി അത്യാധുനിക എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് അവയെ ഇ-വേ ബിൽ പോർട്ടലുമായി ലിങ്ക് ചെയ്ത് ഇ-വേ ബിൽ എടുക്കാതെ അതിർത്തി കടന്നുവരുന്ന വാഹനങ്ങളെ ഉടനടി കണ്ടെത്തുന്നതിനും ഇതിലൂടെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ